പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 3, 2017

## നമ്പർ പാനലിൽ "R"എന്ന അക്ഷരം ചേർത്തിട്ടുള്ള 100 രൂപ നോട്ടുകൾ പുറപ്പെടുവിക്കുന്നു

ഭാരതീയ റിസർവ് ബാങ്ക് ഗവർണർ ഡോ.ഊർജ്ജിത് ആർ.പട്ടേലിന്റെ ഒപ്പോടുകൂടിയതും രണ്ട് നമ്പർ പാനലിലും "R"എന്ന അക്ഷരം ചേർത്തിട്ടുള്ളതും അച്ചടിവർഷം '2017' എന്ന് നോട്ടിന്റെ പിൻഭാഗത്ത് ആലേഖനം ചെയ്തതുമായ മഹാത്മാഗാന്ധി (2005) പരമ്പരയിലെ 100 രൂപ നോട്ടുകൾ ഉടൻ തന്നെ വിനിമയത്തിന് പുറപ്പെടുവിക്കുന്നു.

ഈ ബാങ്ക് നോട്ടുകളുടെ രൂപവും സുരക്ഷാ ലക്ഷണങ്ങളും മഹാത്മാഗാന്ധി പരമ്പര 2005 ൽ ഡിസംബർ 6, 2016 ൽ ഇറക്കിയ പത്രപ്രസ്താവന പ്രകാരം (2016-2017/1427) അക്കങ്ങളുടെ ക്രമാനുഗതമായി വലുതാകുന്ന തരത്തിലുള്ള നമ്പർ പാനലും നിറം വ്യാപിക്കുന്ന രേഖകളും പിൻഭാഗത്ത് വിപുലീകരിച്ച തിരിച്ചറിയൽ ചിഹ്നങ്ങളും ഉള്ള 100 രൂപ നോട്ടുകളുടേതിന് സമാനമായിരിക്കും.

റിസർവ് ബാങ്ക് ഇതിനു മുമ്പ് പുറപ്പെടുവിച്ച എല്ലാ 100 രൂപ ബാങ്ക് നോട്ടുകളും തുടർന്നും നിയമസാധുതയുള്ളതായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : **2016-2017/2086**